ലേഖനം

◆

എം. സാജിദ്

# സൈന്യത്തെക്കൊണ്ടാവുമോ ആരോഗ്യം തിരിച്ചുതരാൻ?

**കേരളത്തിലെ** പകർച്ചപ്പനിയെയും കൊതുകുകളെയും നേരിടാൻ കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യൻ സൈന്യം നേരിട്ടിറങ്ങുകയുണ്ടായി. ഒരു മഴ പെയ്താൽ പകർച്ചവ്യാധികൾ ആളിപ്പടരുകയാണ് ഏതാനും വർഷങ്ങളായി സംസ്ഥാനത്ത്. ചിക്കുൻഗുനിയയും എലിപ്പനിയും ഡെങ്കിപ്പനിയും യഥാർഥത്തിലുണ്ടോ, ഇവ മരണങ്ങൾക്ക് കാരണമാകുന്നുണ്ടോ തുടങ്ങിയ ചർച്ചകളും ഒരുവശത്ത് നടക്കുന്നു. ഒരളവോളം ഈ സംശയങ്ങൾക്ക് സാധൂകരണം ഉണ്ടെങ്കിലും കേവലം മഞ്ഞപ്പത്രപ്രവർത്തനമായി ഈ പ്രതിഭാസത്തെ കാണാവതല്ല. പേരുകൾ എന്തുതന്നെയാണെങ്കിലും, മരണത്തിന് കാരണമാകുന്നുണ്ടെങ്കിലും ഇല്ലെങ്കിലും മഴക്കാലം തുടങ്ങുന്നതോടെ പനി വരുന്നുണ്ട്. കൊതുകുകൾ പെരുകുന്നതും ഇക്കാലത്തു തന്നെയാണല്ലോ.

ഇവിടെ ചില വൈരുധ്യങ്ങൾ ശ്രദ്ധയിൽ പെടാതിരിക്കില്ല. സാക്ഷരതയിലും പൊതു അവബോധത്തിലും മറ്റാരേക്കാളും മുന്നിലാണ് മലയാളികൾ. ആരോഗ്യബോധവും പരിരക്ഷയും മലയാളിയുടെ സഹജഗുണങ്ങളാണ്. വ്യക്തിപരമായ വൃത്തിയുടെ കാര്യത്തിലാവട്ടെ വല്ലാത്ത 'ഒസ്വാസു'കാരൻ തന്നെയാണ് കേരളീയൻ. ധൂർത്തോളമെത്തുന്ന ശുചിത്വബോധമുള്ളവരായ മലയാളികൾ ദിവസം കുളി രണ്ട് വേണോ എന്നേ തർക്കിക്കാറുള്ളൂ. സോപ്പ് തേച്ചത് മതിവരാതെ പ്ലാസ്റ്റിക്കിന്റെയും ചകിരിയുടെയും ഉരപ്പ കൊണ്ടുരച്ചു കുളിച്ചാലേ നമുക്ക് തൃപ്തിയാകൂ. ദിവസം രണ്ട് നേരം നാം പല്ലുതേക്കാറുണ്ട്. കീടാണുക്കളെ ഭയപ്പെട്ട് തിളച്ച വെള്ളം കൊണ്ട് ദാഹമകറ്റുന്ന ജനത ഒരുപക്ഷേ കേരളത്തിൽ മാത്രമേ കാണൂ. ഇത്രയൊക്കെ ആരോഗ്യബോധമുള്ള ഒരു നാട്ടിൽ കൂടെക്കൂടെ പകർച്ചപ്പനി വരുന്നതിനെക്കുറിച്ച് സാമൂഹികശാസ്ത്രപരമായ ചില പഠനങ്ങളും നടത്തേണ്ടിയിരിക്കുന്നു.

പുതുതായി കടന്നുവരുന്ന പകർച്ചവ്യാധികളധികവും കൊതുകുകളാൽ പരത്തപ്പെടുന്നതാണെന്നാണ് വൈദ്യമേഖലയിലെ വിശാരദന്മാർ പറയുന്നത്. അതായത്, അന്നനാളത്തെ ഉരുക്കുന്ന തിളച്ച വെള്ളം മാത്രം കുടിക്കുമ്പോഴും രോഗാണുവാഹകനായ കൊതുകിന്റെ സ്വൈരവിഹാരത്തിന് പ്രത്യേകിച്ച് പ്രതികൂലാവസ്ഥകളൊന്നും സൃഷ്ടിക്കപ്പെടുന്നില്ല. എന്നാൽ പുതിയ ശീലങ്ങൾ കൊതുകുകൾക്ക് വളരാൻ ഒരുപാട് അനുകൂലാവസ്ഥകൾ സൃഷ്ടിക്കുന്നുണ്ടു താനും.

സാമൂഹിക ശുചിത്വത്തിന്റെ കാര്യത്തിൽ മലയാളിയുടെ നിലവാരം പരിതാപകരമാണ്. ഉപഭോഗത്തിന്റെ മായികപ്രളയത്തിലകപ്പെട്ട നാം ആസ്വാദനത്തിന്റെ വൺവെ ട്രാഫിക് ഭാഷ മാത്രമേ വശമാക്കിയുള്ളൂ. അനാവശ്യമായ ഉപഭോഗങ്ങളുണ്ടാക്കുന്ന അവശിഷ്ടങ്ങളെക്കുറിച്ച് പരസ്യങ്ങൾ ഒന്നും പറയാറില്ലല്ലോ. പരസ്യവാചകത്തിൽ പറയുംപോലെ 'ഞാൻ, എന്റെ വീട്, എന്റെ കുടുംബം' എന്നതായിരിക്കുന്നു നമ്മുടെ ഏറ്റവും വലിയ വൃത്തം. നമ്മുടെ അവശിഷ്ടങ്ങൾ ഈ വൃത്തത്തിന് പുറത്തെത്തിക്കണമെന്നേ നമുക്ക് നിർബന്ധമുള്ളൂ. അതുകൊണ്ടാണ് ദുർഗന്ധം പരത്തുന്ന കോഴിവേസ്റ്റുകൾ അന്തിപ്പാതിര നേരത്ത് വഴിയോരങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. വീട്ടിലെ അടുക്കള അവശിഷ്ടങ്ങൾ പോലും പ്ലാസ്റ്റിക് കവറിൽ കെട്ടി കുടുംബശ്രീക്കാരെ ഏൽപിച്ചാൽ അത് കുന്നുകൂടപ്പെടുന്നത് ഏതെങ്കിലും ഒഴിഞ്ഞ റോഡുവക്കിലോ ഞെളിയൻപറമ്പിലോ ആയിരിക്കും.

അവനവൻ ഉൽപാദിപ്പിക്കുന്ന അവശിഷ്ടം സംസ്കരിക്കാനറിയാത്തവരെ നാഗരികരെന്ന് വിളിക്കാൻ കൊള്ളില്ല. അവശിഷ്ടം ഉൽപാദിപ്പിക്കുക മാത്രം ചെയ്യുന്ന ഇത്തരം 'പരിഷ്കൃതർ' നഗരപ്രദേശങ്ങളിൽ കുമിഞ്ഞുകൂടുമ്പോഴാണ് ഞെളിയൻപറമ്പുകൾ ഉണ്ടാവുന്നത്. ഇപ്പോൾ എറണാകുളത്തെ ബ്രഹ്മപുരത്തും മറ്റൊരു അവശിഷ്ട ഡംപിംഗ് സ്ഥലം കണ്ടെത്തിയിരിക്കുകയാണ് അധികൃതർ. നഗരവാസികളുടെ ഉപഭോഗത്തിന്റെ (സംസ്കാരത്തിന്റെയും) അവശിഷ്ടം പേറേണ്ടത് ഗ്രാമീണരാണെന്ന ഈ തീരുമാനം മധ്യവർഗ കേരളത്തിന്റെ സാമൂഹികശുചിത്വനിരക്ഷരതയെയാണ് തുറന്നുകാട്ടുന്നത്.

ആശങ്കാജനകമായ രീതിയിലാണ് അവശിഷ്ടങ്ങൾ വർധിച്ചുവരുന്നത്. അതിശീഘ്ര വികസനത്തിന്റെ അവശ്യ

ഉപോൽപന്നമായിരിക്കുന്നു ഈ ഭീമാകാരങ്ങളായ അവശിഷ്ടക്കൂനകൾ. ദ്രുതഗതിയിൽ നഗരങ്ങൾ വളർന്നുകൊണ്ടിരിക്കുമ്പോൾ 4% വാർഷിക ജനസംഖ്യാവളർച്ചയാണ് നഗരങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ജനങ്ങൾ ഒന്നിച്ച് പുറന്തള്ളുന്ന ടൺ കണക്കിന് മാലിന്യങ്ങൾ എന്തുചെയ്യണമെന്ന് ആർക്കും നിശ്ചയമില്ല. ഇതിനെക്കുറിച്ച് നമ്മുടെ നഗരസഭകൾക്ക് കൃത്യമായ ആസൂത്രണ പദ്ധതികളില്ല. പരമാവധി ഓരോ നഗരസഭയും ചെയ്യുന്നത്, വലിയ എതിർപ്പുകളില്ലാതെ ഇത് തള്ളാൻപറ്റുന്ന ഒഴിഞ്ഞ പറമ്പുകൾ കണ്ടെത്തലാണ്.

വലിയ കൊട്ടിഘോഷങ്ങളോടെയായിരുന്നു മഞ്ചേരി നഗരസഭയിൽ മാലിന്യ നിർമാർജന പദ്ധതി തുടങ്ങിയത്. ടൗണിലെ ഓരോ കടയിൽനിന്നും രാത്രി ശേഖരിക്കുന്ന അവശിഷ്ടങ്ങൾ വേട്ടേക്കോട്ടെ മാലിന്യ നിർമാർജന പ്ലാന്റിൽ പൂർണമായി സംസ്കരിക്കും എന്നായിരുന്ന പ്രചാരണഘോഷം. ജൈവമാലിന്യങ്ങൾ മണ്ണിരകൃഷി നടത്തി വളമാക്കുകയും പേപ്പറുകൾ കത്തിക്കുകയും ചെയ്താലും പ്ലാസിറ്റിക് അടങ്ങിയ വൻ കൂമ്പാരങ്ങളാണ് ഓരോ ദിവസവും ഒന്നും ചെയ്യാതെ അവിടെ കൂട്ടിയിടുന്നത്. മാലിന്യനിർമാർജന പദ്ധതി തന്നെയില്ലാത്തിടങ്ങളിലെ കാര്യം പറയുകയും വേണ്ട. ഇനി നമുക്ക് 1400 കോടി തന്ന് സഹായിച്ച എ.ഡി.ബി തന്നെ ഇതിനെന്തെങ്കിലും പരിഹാരം ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കാം!

കേരളത്തിലെ നദികളും കുളങ്ങളും തോടുകളും മലിനമായിക്കൊണ്ടിരിക്കുകയാണ്. പരിസരത്തെ ഫാക്ടറികളും ആശുപത്രികളുമെല്ലാം വേസ്റ്റ് പൈപ്പ് തുറന്നുവെച്ചിരിക്കുന്നത് ഈ ജലാശയങ്ങളിലേക്കാണ്. സോളിഡാരിറ്റി ആരോഗ്യകാമ്പയിൻ ഉദ്ഘാടനത്തിനു ശേഷം മുണ്ടക്കയത്ത് നടന്ന ശുചീകരണ പ്രവർത്തനങ്ങൾക്കിടെ, പ്രദേശത്തെ കംഫർട്ട് സ്റ്റേഷനിലെ മുഴുവൻ മാലിന്യങ്ങളും (മനുഷ്യവിസർജ്യമടക്കം) തൊട്ടടുത്ത പുഴയിലേക്കാണൊഴുക്കുന്നതെന്ന് കണ്ടെത്തിയിരുന്നു. പല സ്വകാര്യ ആശുപത്രികളുടെയും അരികിലൂടെ ഒഴുകുന്ന നീർച്ചാലുകൾ ശസ്ത്രക്രിയാ അവശിഷ്ടങ്ങളാൽ സമ്പന്നമാണ്. കേരളത്തിലെ മിക്ക കിണറുകളിലും അശുദ്ധജലമാണുള്ളതെന്ന് പറയുന്നത് മലിനീകരണ നിയന്ത്രണ ബോർഡ് തന്നെയാണ്.

സൗകര്യത്തിന് മുൻഗണന കൊടുക്കുന്ന കാലത്ത് പ്ലാസ്റ്റിക്കാണ് നാട് ഭരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ 6% വീടുകളിൽനിന്നും 19% മാർക്കറ്റിൽനിന്നും 10% ആശുപത്രികളിൽനിന്നുമാണ് വരുന്നത്. ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിക്കപ്പെടുന്ന ഈ പ്ലാസ്റ്റിക് വസ്തുക്കൾ മണ്ണിൽ കിടക്കുന്നത് ജലലഭ്യതയെ ബാധിക്കുന്നു, മണ്ണിരകളുടെ വാസത്തെ തടയുന്നു. ഇത് കത്തിച്ചാലുണ്ടാകുന്നതാകട്ടെ അതിവിഷമയമായ ഡയോക്സിനും ബെൻസീനും. അലക്ഷ്യമായി പറമ്പുകളിൽ കിടക്കുന്ന പ്ലാസ്റ്റിക് നല്ലൊരു കൊതുകുൽപാദനശാല കൂടിയാണ്. കല്യാണവീട്ടിൽ പ്ലേറ്റ് കഴുകുന്നതിന്റെ പ്രയാസം ആലോചിച്ച് ഡിസ്പോസബ്ൾസ് അടിച്ചിറക്കുമ്പോൾ ഇതൊന്നും ആരും ചിന്തിക്കാറില്ല.

വയലുകളും ചതുപ്പുനിലങ്ങളും മണ്ണിട്ടുനികത്തിയതോടെ ഒരു ചെറുമഴ പെയ്താൽ പോലും നാട് കുളമാവുന്നു. ഓടകളിലെ വെള്ളം പുറത്തേക്കൊഴുകി ശുദ്ധജലാശയങ്ങളെപ്പോഴും മലിനമാക്കുന്നു. മണിമാളികകൾ നിർമിച്ച് വികസിക്കുമ്പോൾ ഓടയിലെ വെള്ളത്തെക്കുറിച്ചാരെങ്കിലും പറഞ്ഞാൽ അവനല്ലേ ഏറ്റവും വലിയ വികസന വിരോധി? കാളവണ്ടി യുഗത്തെ സ്വപ്നം കാണുന്ന കാൽപനിക വിപ്ലവകാരി!

ചുരുക്കത്തിൽ, വെട്ടിത്തിളച്ച വെള്ളം കുടിച്ചാൽ മാത്രം തടുക്കാൻ കഴിയുന്നതല്ല പകർച്ചവ്യാധികൾ. സാമൂഹികബോധത്തിനും അതിൽനിന്നുണ്ടാവുന്ന സ്വയം നിയന്ത്രണങ്ങൾക്കും മാത്രമേ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കാനാവൂ. അതിന് തന്നിലേക്കും തന്റെ സുഖത്തിലേക്കും ചുരുങ്ങുകയല്ല, തന്നിൽനിന്ന് തുടങ്ങി സമൂഹത്തിലേക്ക് വളർന്നു പന്തലിക്കുന്ന ജീവിത സംസ്കാരമാണാവശ്യം.

ഉപഭോഗം നിയന്ത്രിക്കാൻ ഓരോ വ്യക്തിയും കുടുംബവും കർശനമായി ശീലിക്കണം. മിതഭോഗത്തിലൂടെയും മാലിന്യങ്ങൾ കുറഞ്ഞ ജീവിതശൈലിയിലൂടെയുമാണ് അത് സാധിക്കുക. ആരാന്റെ പറമ്പിലും റോഡിലും കുമിഞ്ഞുകൂടാൻ മാത്രം വിധിയുള്ള ഡിസ്പോസബ്ളുകളെ നാം വേണ്ടെന്നു വെക്കുക. ഭൂമിക്ക് ഭാരമാവുന്ന അമിത പ്ലാസ്റ്റിക് മാലിന്യം എന്നിൽനിന്ന് ഉണ്ടാവില്ലെന്ന് ഓരോരുത്തരും തീരുമാനിക്കുക. ഒരു സഞ്ചി കൈയിലോ വണ്ടിയിലോ കരുതിയാൽ ദിവസവും അഞ്ച് പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം ഓരോരുത്തർക്കും കുറക്കാം.

പൊതുസ്ഥലങ്ങളുടെ സംരക്ഷണം വ്യക്തിപരമായ ബാധ്യതയാണെന്നുകൂടി ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അവനവന്റെ വീട്ടിലെ മാലിന്യങ്ങൾ കവറിലാക്കി പുറന്തള്ളുന്നത് നിർത്തി അതിന് സ്വയം സംവിധാനം കാണണം. അതിനു കഴിയാത്ത നഗരപ്രദേശങ്ങളിൽ ശാസ്ത്രീയമായ മാർഗങ്ങൾ കാണാൻ അധികൃതരെ നിർബന്ധിക്കണം. പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്നവരെ കൈയോടെ പിടികൂടാൻ നാട്ടുകാരും നിയമപാലകരും കൈകോർക്കണം. മാലിന്യശുദ്ധീകരണ പ്ലാന്റുകളില്ലാത്ത ആശുപത്രികളെയും ഹോട്ടലുകളെയും പ്രവർത്തിക്കാനനുവദിക്കരുത്. നിയമനടപടികളിലൂടെയും ബഹുജനസമരങ്ങളിലൂടെയും ഇത്തരം സ്വാർഥംഭരികളെ നിലക്കുനിർത്തണം.

ആത്മാർഥമായ കൂട്ടുപ്രവർത്തനങ്ങളുണ്ടെങ്കിൽ ഫലം കൊയ്യാമെന്നത് സൂറത്തിന്റെ അനുഭവമാണ്. ഗുജറാത്തിലെ ഈ പട്ടണത്തിൽ പ്ലേഗ് ദുരന്തത്തിനു ശേഷം ജനങ്ങൾ ഒറ്റക്കെട്ടായപ്പോൾ മാലിന്യങ്ങൾ പമ്പകടക്കുകയായിരുന്നു. അതല്ലാതെ മന്ത്രിപുംഗവന്മാർ കാമറക്കണ്ണുകൾക്ക് മുന്നിൽനിന്ന് നടത്തുന്ന കമ്യൂണിസ്റ്റപ്പ വെട്ടലിലൂടെ പ്രത്യേകിച്ചൊന്നും ഉണ്ടാവില്ല. സൈനികന്റെ പോയന്റ് ബ്ലാങ്ക് വെടികൊണ്ട് കൊല്ലാൻ മാത്രം കൊതുകെന്ന ജീവിക്ക് വലുപ്പമില്ലല്ലോ. കൊതുകിനെ നാം ശത്രുവായി കാണേണ്ടതില്ല. അനിയന്ത്രിതമായി അവയെ വളർത്തുന്ന നമ്മുടെ ജീവിത സംസ്കാരത്തെയാണ് ഫോഗിംഗ് നടത്തി തുരത്തേണ്ടത്. ■